-1.

# പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

## ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - രാജീവ്ഗാന്ധി സേവാകേന്ദ്രങ്ങൾ

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1488

21.01.2014 ൽ മറുപടി
നൽകേണ്ടിയിരുന്നത്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>,, സി. പി. മുഹമ്മദ്<br>,, വർക്കല കഹാർ<br>,, എം. പി. വിൻസെന്റ് | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ രാജീവ് ഗാന്ധി സേവാ കേന്ദ്രങ്ങളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. സംസ്ഥാനത്തെ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിൽ നിർമ്മാണം ഏറ്റെടുത്ത 69 ഭാരത് നിർമ്മാൺ രാജീവ്ഗാന്ധി സേവാ കേന്ദ്രങ്ങളിൽ 2 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ളവയുടെ നിർമ്മാണം പുരോഗതിയിലാണ്. ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ; | (ബി) | ഭാരത് നിർമ്മാൺ രാജീവ്ഗാന്ധി സേവാകേന്ദ്രങ്ങൾ വഴി കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ഗ്രാമ-ബ്ലോക്ക് പഞ്ചായത്ത്തലങ്ങളിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ആവശ്യമായ ഓഫീസ് സംവിധാനം ഒരുക്കൽ.<br>2. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഉൾപ്പെടെ എല്ലാ ഗ്രാമവികസന പരിപാടികൾ സംബന്ധിച്ചുള്ള വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഒരുക്കൽ<br>3. മാതൃകാ പ്രവർത്തനങ്ങളും നൂതന സാങ്കേതിക വിദ്യകളും സംബന്ധിച്ച വിവരങ്ങൾ ജനങ്ങളിൽ എത്തിക്കാനുള്ള |

| | | | |
|---|---|---|---|
| | | | കേന്ദ്രമായി പ്രയോജനപ്പെടുത്തുകയും സമന്വയത്തിലൂടെ ഗ്രാമപ്രദേശങ്ങളിലെ ആസ്തികളുടെ ഉല്പാദന ക്ഷമതയും സുസ്ഥിരതയും വർദ്ധിപ്പിക്കൽ.<br>4. പൊതുജനങ്ങൾക്കും, ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകൾക്കും വിവരസാങ്കേതിക വിദ്യയിലൂടെ ലഭ്യമായ സേവനങ്ങൾ ലഭ്യമാക്കൽ. |
| (സി) | എന്തെല്ലാം സേവനങ്ങളും പ്രവൃത്തികളുമാണ് ഈ കേന്ദ്രങ്ങൾ വഴി ചെയ്യുന്നത്; വിശദീകരിക്കുമോ; | (സി) & (ഡി) | ഭാരത് നിർമ്മാൺ രാജീവ്ഗാന്ധി സേവാകേന്ദ്രങ്ങൾ മുഖേന ലഭ്യമാക്കാൻ ഉദ്ദേശിക്കുന്ന സേവനങ്ങളും പ്രവർത്തനങ്ങളും ചുവടെ ചേർക്കുന്നു.<br>മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഗ്രാമ പ്രദേശത്തെ എല്ലാ വ്യക്തികൾക്കും തൊഴിൽകാർഡ് ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കൽ, തൊഴിൽ ആവശ്യപ്പെട്ട്കൊണ്ടുള്ള അപേക്ഷ നൽകൽ, മസ്റ്റർറോളുകളുടെ പരിശോധന, പരാതി സമർപ്പിക്കൽ, വിവര സാങ്കേതിക സംവിധാനങ്ങളുടെ പ്രയോജനം ലഭ്യമാക്കൽ ഉറപ്പാക്കുന്നതിനുള്ള വേദിയായി സേവാകേന്ദ്രം പ്രയോജനപ്പെടുത്തുന്നതാണ്. കൂടാതെ പദ്ധതിയുടെ ഉദ്യോഗസ്ഥർക്ക് പ്രവർത്തിക്കുന്നതിനുള്ള ഓഫീസ് സൗകര്യം, മീറ്റിംഗുകൾ ചർച്ചകൾ സംഘടിപ്പിക്കൽ, വിവര സാങ്കേതിക സൗകര്യങ്ങൾ സജ്ജമാക്കൽ, ഓഫീസ് റിക്കോർഡുകൾ സൂക്ഷിക്കൽ, പരാതി പരിഹാര സംവിധാനം, ഗ്രാമതലത്തിൽ സോഷ്യൽ ഓഡിറ്റ് ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള പിന്തുണാ സംവിധാനം, പരിശീലനങ്ങൾ സംഘടിപ്പിക്കൽ എന്നീ സേവനങ്ങളും പ്രവർത്തനങ്ങളും ഈ കേന്ദ്രങ്ങൾ വഴി ലഭ്യമാക്കുന്നതാണ്. |
| (ഡി) | തൊഴിലുറപ്പ് പദ്ധതി കാര്യക്ഷമമാക്കുന്നതിന് ഈ കേന്ദ്രങ്ങൾ എത്ര മാത്രം പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം? | | |

സെക്ഷൻ ഓഫീസർ

1488

അനുബന്ധം

| ജില്ല | ഏറ്റെടുത്ത പ്രവൃത്തികൾ | | നിർമ്മാണം പൂർത്തിയാക്കിയ സേവാകേന്ദ്രങ്ങളുടെ എണ്ണം | |
|---|---|---|---|---|
| | ഗ്രാമ പഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് | ഗ്രാമ പഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് |
| തിരുവനന്തപുരം | 16 | 3 | 1 | 1 |
| കൊല്ലം | 3 | 0 | 0 | 0 |
| പത്തനംതിട്ട | 1 | 0 | 0 | 0 |
| ആലപ്പുഴ | 0 | 3 | 0 | 0 |
| കോട്ടയം | 0 | 0 | 0 | 0 |
| ഇടുക്കി | 1 | 0 | 0 | 0 |
| എറണാകുളം | 1 | 0 | 0 | 0 |
| തൃശൂർ | 1 | 1 | 0 | 0 |
| പാലക്കാട് | 6 | 1 | 0 | 0 |
| മലപ്പുറം | 17 | 4 | 0 | 0 |
| കോഴിക്കോട് | 1 | 3 | 0 | 0 |
| വയനാട് | 0 | 0 | 0 | 0 |
| കണ്ണൂർ | 7 | 0 | 0 | 0 |
| കാസർഗോഡ് | 0 | 0 | 0 | 0 |
| ആകെ | 54 | 15 | 1 | 1 |